ഭരണഭാഷ - മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**
വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം - ഡിഇഎസ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-
1) 31/01/1978 ലെ ജി.ഒ (പി) 78/78/ജി.എ.ഡി നമ്പർ സർക്കാർ ഉത്തരവ്.
2) 20/02/2009 ലെ ജി.ഒ (പി) 9/2009/പി.എൽ.ജി നമ്പർ സർക്കാർ ഉത്തരവ്.
3) 05/09/2012 ലെ ജി.ഒ (എം.എസ്) 487/2012/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
4) ഈ ആഫീസിലെ 29/05/2017 ലെ ഇഎ (1) 2016/2016/ഡി.ഇ.എസ് നമ്പർ ഉത്തരവ്.
5) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ 31/05/2017 ലെ ഇ (1) 1457/2017/ഡി.ഒ.റ്റി നമ്പർ കത്ത്.
6) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ 05/04/2017 ലെ ഇ (1) 120/2016/ഡി.ഒ.റ്റി നമ്പർ കത്ത്.
7) ഈ ആഫീസിലെ 27/05/2017 ലെ ഗ്രഡേഷൻ സെൽ 5646/2017/ഡി.ഇ.എസ് നമ്പർ ഉത്തരവ്.

**ഉത്തരവ് നം. ഇഎ (3) 14444/2017/ഡിഇഎസ് തീയതി. 07-06-2017**

കേരള സ്റ്റാറ്റിസ്റ്റിക്കൽ ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബി.എ (ഇക്കണോമിക്സ്) / ബി.എസ്.സി (മാത്തമാറ്റിക്സ് / സ്റ്റാറ്റിസ്റ്റിക്സ്) / ബി.കോം വിത്ത് സ്റ്റാറ്റിസ്റ്റിക്സ് / ബി.കോം വിത്ത് ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യത ഉള്ളവരും മൂന്ന് വർഷ സേവനം പൂർത്തിയാക്കിയിട്ടുള്ളതുമായ ജീവനക്കാർക്കും നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിൽ 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

സൂചന (7) പ്രകാരമുള്ള പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം നിശ്ചിത യോഗ്യതയുള്ള ക്രമ നമ്പർ 33, നെയ്യാറ്റിൻകര താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലെ ശ്രീ.പ്രസാദ്.ഒ.എസ്-ന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നു.

തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി തിരുവനന്തപുരം ജില്ലയിൽ (ഡിആർബി) നിലവിൽ ഒഴിവ് ഉണ്ടെന്ന് പരാമർശം (6) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.പ്രസാദ്.ഒ.എസ്-നെ 22200-48000 രൂപ (പരിഷ്കരിച്ച) ശമ്പള സ്കെയിലിൽ തസ്തിക മാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റം നൽകി പരാമർശം (6) പ്രകാരം തിരുവനന്തപുരം, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ആഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

സ്ഥാനക്കയറ്റ തസ്തികയിൽ പ്രവേശിക്കുന്നതിലേക്കായി ടിയാൻ യഥാസമയം വിടുതൽ ചെയ്ത് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് തിരുവനന്തപുരം ജില്ലാ ആഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

(ഒപ്പ്)

**കെ.ഗീത**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

പകർപ്പ്:- 1. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ആഫീസ്, തിരുവനന്തപുരം.

2. ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ന്റെ സി.എ

3. ഗ്രഡേഷൻ സെൽ

4. ഫയൽ /കരുതൽ ഫയൽ

5. ഡെപ്യൂട്ടി ഡയറക്ടർ; ഇൻഡക്സ് വിഭാഗം.

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

എസ്.കെ 07/06